"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - നഗര പ്രളയ തയ്യാറെടുപ്പിനായി 6 സിറ്റി കോർപ്പറേഷനുകൾക്കും കല്പറ്റ നഗര സഭയ്ക്കും തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.251/2026/DMD തീയതി,തിരുവനന്തപുരം, 20-06-2026

---

പരാമർശം:- സ.ഉ(സാധാ) നം. 248/2026/ഡിഎംഡി തീയതി 11.06.2026

**<u>ഉത്തരവ്</u>**

കേരളത്തിലെ 6 സിറ്റി കോർപ്പറേഷനുകൾക്കും (തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) നഗര പ്രളയ തയ്യാറെടുപ്പിനായി ഒരു കോടി രൂപ വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ Preparedness and Capacity Building Windowയിൽ നിന്നും അനുവദിച്ചും, ടൗൺഷിപ്പ് നിർമ്മിതി നടക്കുന്ന കല്പറ്റ നഗര സഭയിലെ വെള്ളക്കെട്ട് പരിഹരിക്കാൻ 50 ലക്ഷം രൂപ വയനാട് ജില്ല ദുരന്ത നിവാരണ അതോറിറ്റിക്ക് അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ദേശീയ നഗര പ്രളയ ദുരന്ത നിവാരണ മാർഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കായി മേൽ തുക ഉപയോഗിക്കാവുന്നതാണ്.

(2) മേൽ തുകകൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ "2245-02-101-94- Flood-Other Items" എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലാ കളക്ടർമാർക്ക അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(3)നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ ,തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം ,തിരുവനന്തപുരം

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലാ കളക്ടർമാർക്ക്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,തിരുവനന്തപുരം

ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (DMA3/117/2025-DMD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ